# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1747**

10-02-2020-ൽ
മറുപടി നൽകേണ്ടത്

## ചാലക്കുടി റീജിയണൽ സയൻസ് സെന്ററിന്റെയും പ്ലാനറ്റോറിയത്തിന്റെയും നിർമ്മാണം

ചോദ്യം | ഉത്തരം

**ശ്രീ. ബി. ഡി. ദേവസ്സി** : **ഡോ. കെ .ടി. ജലീൽ (ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | ചാലക്കുടിയിലെ റീജണൽ സയൻസ് സെന്ററിന്റേയും പ്ലാനറ്റോറിയത്തിന്റേയും നിർമ്മാണത്തിലുണ്ടായിട്ടുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | കാലതാമസം ഒഴിവാക്കി സമയബന്ധിതമായി റീജണൽ സയൻസ് സെന്ററിന്റേയും പ്ലാനട്ടോറിയത്തിന്റേയും നിർമ്മാണം പൂർത്തിയാക്കുന്നതിനും പ്രവർത്തനക്ഷമമാക്കുന്നതിനും ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | ചാലക്കുടി റീജിയണൽ സയൻസ് സെന്ററിന്റെയും പ്ലാനറ്റോറിയത്തിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ വിലയിരുത്തുന്നത് സംബന്ധിച്ച് 04-10-2018, 02-07-2019 തീയതികളിൽ ഉന്നത വിദ്യാഭ്യാസവകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം വിളിച്ച് ചേർക്കുകയും നിർമ്മാണ പ്രവർത്തനം പൂർത്തീകരിച്ച് അടിയന്തിരമായി സയൻസ് സെന്റർ പ്രവർത്തനക്ഷമമാക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. പ്രവർത്തനമാരംഭിയ്ക്കാനിരിക്കുന്ന ചാലക്കുടി പ്ലാനറ്റോറിയത്തിന് 6 തസ്തികകൾ അനുവദിയ്ക്കുന്നതിന് 25.09.2019-ലെ മന്ത്രിസഭാ തീരുമാനത്തിന്റെ അടിസ്ഥാന ത്തിൽ 27.10.2019- |

| | | | |
|---|---|---|---|
| | | | ലെ സ.ഉ.(സാധാ) നം. 361/2019/ഉ.വി.വ പ്രകാരം ഉത്തരവായിട്ടുണ്ട്. 10-01-2020-ൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ നിർമ്മാണ പ്രവർത്തന പുരോഗതി വിലയിരുത്തിയിരുന്നു. പ്രസ്തുത യോഗത്തിൽ ചാലക്കുടി റീജിയണൽ സയൻസ് സെന്ററിന്റെ ഓരോ ഘട്ടത്തിന്റെയും നിർമ്മാണം പൂർത്തിയാക്കേണ്ടതിന്റെ തീയതിക്രമം നിശ്ചയിച്ചിട്ടുണ്ട്. ആയത് പ്രകാരം 2020-ൽ നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കി സമയബന്ധിതമായി സെന്റർ കമ്മീഷൻ ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുമുണ്ട്. |

**സെക്ഷൻ ഓഫീസർ**